## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2460** **07.02.2019 ൽ മറുപടിയ്ക്ക്**

## പാരമ്പര്യേതര ഊർജ്ജത്തിൽ പഠനം നടത്താൻ അക്കാദമി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | **ശ്രീ. എം. എം. മണി**<br>**(വൈദ്യുതി വകുപ്പ മന്ത്രി)** |
| (എ) പാരമ്പര്യേതര ഊർജ്ജത്തിൽ പഠനവും ഗവേഷണവും നടത്തുന്നതിനായി അക്കാദമി ആരംഭിക്കുന്നതിന് വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; | (എ) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) ഉദ്ദേശ്യലക്ഷ്യങ്ങൾ<br>(1) ഊർജ്ജ മേഖലയിലെ, പ്രത്യേകിച്ച് പുനരുപയോഗ മേഖലയിലെ സമകാലിക, സാങ്കേതികവിദ്യ കൈകാര്യം ചെയ്യുന്നതിനായി ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുക.<br>(2) ഊർജ്ജ മേഖലയിലെ പ്രശ്നങ്ങൾക്ക് പ്രതിവിധികൾ നിർദ്ദേശിക്കാനും നൂതനസംരഭങ്ങൾ പ്രാവർത്തികമാക്കാനുമുള്ള പ്രായോഗിക സഹായങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്യുക.<br>(3) ഊർജ്ജ മേഖലയിലെ ജീവനക്കാർക്ക് അക്കാദമികരംഗങ്ങളിൽ അവസരം ഉണ്ടാക്കുവാനും അതുവഴി തൊഴിൽപരമായ നേട്ടങ്ങൾ ഉണ്ടാക്കുവാനും സാധിക്കുക.<br>(4) പുനരുപയോഗ ഊർജ്ജ മേഖലയ്ക്ക് ഊന്നൽ നൽകി ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും അതുവഴി ഊർജ്ജ ഉപഭോഗ കാര്യശേഷി കൂട്ടുകയും ചെയ്യുക.<br>(5) ഈ മേഖലയിൽ സുരക്ഷാപരമായും ഗുണപരമായും വേണ്ട നടപടിക്രമങ്ങൾ നിലനിർത്തുവാൻ കഴിയുക. |
| (സി) ഈ സ്ഥാപനം എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കണ്ണൂരിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഇതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വെളിപ്പെടുത്താമോ? | (ഡി) | സ്ഥലം ലഭ്യമായാൽ ഉദ്ദേശ്യം **32.68** കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ